**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5234** 26/03/2018 -ൽ മറുപടിയ്ക്ക്

## പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റിൽ ഗ്രേഡിനൊപ്പം മാർക്കും രേഖപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ശശി : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ/ ഐ. (എ) സി.എസ്.ഇ സിലബസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ പത്താം ക്ലാസ് സർട്ടിഫിക്കറ്റിൽ ഗ്രേഡിനൊപ്പം ലഭ്യമായ മാർക്കും രേഖപ്പെടുത്തി നൽകുമ്പോൾ സംസ്ഥാന സിലബസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിൽ ഗ്രേഡ് മാത്രം രേഖപ്പെടുത്തുകയും മാർക്കലിസ്റ്റ് ലഭിക്കാനായി രണ്ടു വർഷം വരെ കാത്തിരിക്കേണ്ടതും ആയതിന് ഫീസ് ആയി 200 രൂപ വരെ ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | ഉണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം.180/2012/പൊവിവ, തീയതി 11.01.2012 പ്രകാരം പ്ലസ് ടു വിന് ശേഷം ഉപരിപഠനത്തിന് ബന്ധപ്പെട്ട പരീക്ഷാർത്ഥികൾ ആവശ്യപ്പെട്ടാൽ എസ് എസ് എൽ സി പരീക്ഷയിൽ ലഭിച്ച മാർക്കുവിവരം, 200/- രൂപ ഫീസ് ഈടാക്കി അവർക്ക് നേരിട്ടു നൽകുന്നതിന് അനുമതിയുണ്ട്. അതിനാൽ കേരള സിലബസ്സിൽ 2015 മാർച്ച് വരെ പരീക്ഷ എഴുതിയവർക്ക് മാർക്ക് വിവരം പരീക്ഷാഭവനിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്. 2016, 2017 വർഷങ്ങളിൽ പരീക്ഷ എഴുതിയവർക്ക് ഉന്നതവിദ്യാഭ്യാസം, സ്കോളർഷിപ്പ്, ജോലി/റിക്രൂട്ട്മെന്റ്/ ഇന്റർവ്യൂ എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്ക് മാർക്ക് ആവശ്യം വന്നാൽ നിർദ്ദിഷ്ട രേഖകൾ സഹിതം നൽകുന്ന അപേക്ഷ പരിശോധിച്ച് പരീക്ഷാ ഭവനിൽ നിന്നും ബന്ധപ്പെട്ട ആഫീസിലേയ്ക്ക് രഹസ്യ സ്വഭാവം |

നിലനിർത്തി മാർക്കു വിവരം നേരിട്ട് അയച്ചു കൊടുക്കുന്നതാണ്. എസ് എസ് എൽ സി പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായമാണ് നിലവിലുള്ളത്. അതിനാലാണ് മാർക്ക് വിവരം നൽകുന്നതിന് ഇത്തരം നിബന്ധനകൾ ഏർപ്പെടുത്തിയിരിക്കുന്നത്.

(ബി) സംസ്ഥാന സിലബസ്സിൽ പഠിക്കുന്ന നിർദ്ധനരായ കുട്ടികൾക്ക് 200 രൂപ ഫീസായി നൽകി മാർക്കിന്റെ രേഖകൾ കരസ്ഥമാക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കി നടപ്പുവർഷം മുതൽ പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകുമ്പോൾ അവർക്ക് ലഭിച്ച ഗ്രേഡിനോടൊപ്പം മാർക്ക് കൂടി രേഖപ്പെടുത്തിനൽകുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി) നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ